**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3944** **17-03-2025 - ൽ മറുപടിയ്ക്ക്**

**ആശാ പ്രവർത്തകർക്ക് ഓണറേറിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആശാ പ്രവർത്തകർക്ക് ഏറ്റവും കൂടുതൽ ഓണറേറിയം നൽകുന്ന ഇന്ത്യൻ സംസ്ഥാനം കേരളമാണെന്ന വാദം ഉയർത്തി ആശാ പ്രവർത്തകരുടെ ഓണറേറിയം വർദ്ധനവെന്ന ആവശ്യത്തെ പ്രതിരോധിക്കുന്നത് വസ്തുതാപരമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | ആശമാരോട് അനുഭാവപൂർവ്വമായ സമീപനമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. അതിന്റെ അടിസ്ഥാനത്തിൽ 2016 മുതൽ ആശമാരുടെ ഹോണറേറിയത്തിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തിയിട്ടുണ്ട്. അവസാനമായി 6000 രൂപയായിരുന്ന ഹോണറേറിയം 2023 ഡിസംബർ മാസം മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം 7000 രൂപയായി വർദ്ധിപ്പിച്ചു. ഈ സമീപനം തന്നെയാണ് ആശമാരുടെ കാര്യത്തിൽ സംസ്ഥാന സർക്കാരിനുള്ളത്. |
| (ബി) | സിക്കിം സർക്കാർ നിലവിൽ ആശാ പ്രവർത്തകർക്ക് ഓണറേറിയം ആയി പതിനായിരം രൂപ നൽകുന്നുവെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | State Mission ന്, സിക്കിം State Mission Nodal Officer അയച്ചു നൽകിയ ഉത്തരവിൽ അവരുടെ ഹോണറേറിയം 6000 രൂപയാണ്. |
| (സി) | കർണാടക ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ഓണറേറിയം പതിനായിരം രൂപയാക്കി വർധിപ്പിച്ച സാഹചര്യത്തിൽ ആശാ പ്രവർത്തകരെ സ്ഥിരം തൊഴിലാളികൾ ആക്കി ഓണറേറിയത്തിനു പകരം മിനിമം വേതനം നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | കർണ്ണാടക സംസ്ഥാനം നേരത്തെ നൽകിയ 5000 രൂപ വർദ്ധിപ്പിച്ച് 6000 രൂപയായി ആശാ ഹോണറേറിയം ഇപ്പോൾ ഉയർത്തി Budget പ്രഖ്യാപനം നടത്തിയിട്ടുള്ളത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ആശാ പദ്ധതിയിൽ ആശമാരെ സന്നദ്ധ സേവകരായി നിശ്ചയിച്ചിരിക്കുന്നതിനാൽ ആവശ്യമായ മാറ്റങ്ങൾ കേന്ദ്ര Guideline ൽ ഉണ്ടാകേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ